കേരള സർക്കാർ

**വിവര പൊതുജന സമ്പർക്ക വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്**
**2018 സെപ്തംബർ 18 ചൊവ്വ**

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## എംപി ഫണ്ട് വിനിയോഗം ;ജില്ലയ്ക്ക് മികച്ച നേട്ടം

എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ കാസറഗോഡ് ലോകസഭാ മണ്ഡലത്തിൽ 18 കോടിയോളം രൂപ ചെലവഴിച്ച് 95% പൂർത്തീകരണം നടന്നതായിപി.കരുണാകരൻ എം.പിയുടെ പ്രാദേശിക വികസനനിധിയുടെ അവലോകന യോഗം വിലയിരുത്തി.എം.പി. നിർദ്ദേശിച്ച 477 പദ്ധതികളിൽ 374 പ്രവർത്തികൾക്ക് ഇതിനകം അനുമതി നൽകി. 247 പദ്ധതികൾ പൂർത്തീകരിച്ചു. 127 പ്രവർത്തികളുടെ നിർവ്വഹണം നടന്നു വരുന്നു. ഇതിൽ 3.3 കോടി രൂപയുടെ പ്രവർത്തികൾ പട്ടികജാതി,പട്ടികവർഗ്ഗ മേഖലകളിൽ അനുവദിച്ചിട്ടുണ്ട്.

കാസറഗോഡ് ജില്ലയിൽ 70-ഓളം റോഡ് പ്രവർത്തികളും, സ്കൂളുകൾക്കും വായനശാലകൾക്കുമായി 25 ഓളം കെട്ടിട നിർമ്മാണ പ്രവർത്തികളും, 26 സ്കൂളുകൾക്ക് വാഹനവും, 72 സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

കാസറഗോഡ് പാർലമെന്റ് മണ്ഡലത്തിൽ നിർവ്വഹണം നടന്നു വരുന്ന പ്രവർത്തികൾക്ക് ലഭിക്കുവാനുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായി ജില്ലാ കലക്ടർ യോഗത്തിൽ അറിയിച്ചു. പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ അടിയന്തിരമായി തയ്യാറാക്കി നൽകുന്നതിനും പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലകളിൽ എം.പി നിർദ്ദേശിച്ച പദ്ധതികളുടെ എസ്റ്റിമേറ്റ് മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കി നൽകുന്നതിനും കുടിവെള്ള പദ്ധതികൾക്ക് മുൻഗണന നൽകി പ്രാവർത്തികമാക്കാനും ജില്ലാ കലക്ടർ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നല്കി.

സംസ്ഥാനത്ത് എം.പി ഫണ്ട് വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച നിർവ്വഹണ ഉദ്യോഗസ്ഥരെയും എം.പി. അഭിനന്ദിച്ചു. 2019 മാർച്ചോടെ 100% പുരോഗതി കൈവരിക്കാനാണ് ശ്രമമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പ്ലാനിംഗ് ഓഫീസിൽ പി.കരുണാകരൻ എം.പിയുടെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ജില്ലാ കലക്ടർ ഡോ.ഡി.സജിത്ത് ബാബു ഐ.എ.എസ്, ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ചുമതല വഹിക്കുന്ന നിനോജ് മേപ്പടിയത്ത്, ഫൈനാൻസ് ഓഫീസർ സതീശൻ കെ. എന്നിവരും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും പങ്കെടുത്തു.

## പദ്ധതി പുരോഗതി അവലോകനം ചെയ്തു

പി കരുണാകരൻ എം. പി അദ്ധ്യക്ഷനായ (കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്ന കമ്മിറ്റി) - ദിശ - യുടെ 2-ാം പാദ യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ നടപ്പിലാക്കുന്ന 21-ഓളം പദ്ധതികളാണ് അവലോകനം നടത്തിയത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം പുരോഗതിയിലാണെങ്കിലും കൃത്യമായി കൂലി വിതരണം ചെയ്യാൻ കഴിയാത്തത് ഗ്രാമീണ മേഖലയിൽ പദ്ധതി പ്രവർത്തനത്തെ ബാധിച്ചതായി യോഗം വിലയിരുത്തി. കൂടാതെ അടിക്കടി ഉണ്ടാകുന്ന സോഫ്റ്റ്വെയർ പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പ്രത്യേകം അറിയിപ്പ് നൽകാൻ തീരുമാനിച്ചു. പുരോഗതിയിൽ പിന്നിലായ പഞ്ചായത്തുകൾ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു. നിലവിൽ 33 കോടി രൂപ ചെലവഴിച്ചതിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തും കോടോം ബേളൂർ ഗ്രാമ പഞ്ചായത്തും മുന്നിലെത്തി. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി.

വിവിധ പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന, ഡി. ഡി. യു. ജി. കെ. വൈ, പ്രധാനമന്ത്രി സഡക് യോജന, ഡി. ഡി. യു. ജി. ജെ. വൈ, സ്വഛ് ഭാരത് മിഷൻ, കുടിവെള്ള വിതരണ പരിപാടി, ദേശീയ ആരോഗ്യ മിഷൻ, സമഗ്ര ശിക്ഷാ അഭിയാൻ, പി. എം. ഇ. ജി. പി മുതലായ പദ്ധതികളിൽ തദ്ദേശസ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും യോജിച്ചുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തണമെന്ന് യോഗം നിർദ്ദേശിച്ചു. . പി. കരുണാകരൻ എം. പി യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ കമ്മിറ്റി മെമ്പർ സെക്രട്ടറി കൂടിയായ ഡോ.ഡി.സജിത്ത് ബാബു ,ജില്ലയിലെ വിവിധ വകുപ്പ് തലവൻമാർ എന്നിവർ പങ്കെടുത്തു. ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ വി. കെ.

ദിലീപ് സ്വാഗതവും എ. ഡി. സി. ജനറൽ  ബെവിൻ ജോൺ വർഗ്ഗീസ് നന്ദിയും പറഞ്ഞു.

## ക്ലാർക്ക്,ഓഫീസ് അറ്റൻഡന്റ് ഒഴിവ്

വനിത സംരക്ഷണ ഓഫീസിൽ ക്ലാർക്ക്,ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് പ്ളസ് ടു വും, മലയാളം ഇംഗ്ളീഷും ഡിടിപി ചെയ്യുവാൻ പ്രാവിണ്യമുള്ളതും,18 നും 40 നും മദ്ധ്യേ പ്രായമുള്ളവരുമായ  ഉദ്യോഗാർത്ഥികളിൽനിന്നും അപോക്ഷ ക്ഷണിച്ചു.  അപേക്ഷകർ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം വനിതസംരക്ഷണഓഫീസർ,സിവിൽസ്റ്റേഷൻ(രണ്ടാംനില),വിദ്യാനഗർ,കാസറകോട്, പിൻ.271123 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷസ്വീകരിക്കുന്ന അവസാനതീയതി ഒക്ടോബർ  അഞ്ചിന് വൈകിട്ട് 5 മണി വരെ.

## ലേലം ചെയ്യും

കാസറകോട് കളക്റ്ററ്റിൽ ഡി.സി.സ്യൂട്ട് തുടങ്ങുന്നതിന്റെ ഭാഗമായി നീക്കം ചെയ്ത മരഉരുപ്പടികളും ഇരുമ്പ് ഉരുപ്പടികളും ഒക്ടോബർ മാസം നാലിന് വൈകുന്നേരം 3 മണിക്ക്  ലേലം ചെയ്യും.

## ബഡ്സ് അദ്ധ്യാപകർ, ആയമാർക്കുള്ള ശിൽപശാല

കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ബഡ്സ് അദ്ധ്യാപകർക്കും, ആയമാർക്കുമുള്ള പരിശീലന ശിൽപശാല ഈ മാസം 21,22  എന്നീ തിയ്യതികളിൽ ജില്ലാ പഞ്ചായത്ത് അനക്സ് ഹാളിൽ വച്ച് നടക്കും. ജില്ലയിലെ നിലവിലെ ബഡ്സ് സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകരും ആയമാരും ശിൽപശാലയിൽ പങ്കെടുക്കണമെന്ന് ജില്ലാമിഷൻ കോർഡിനേറ്റർ അറിയിച്ചു.

## സോളിങ്ങ് ടാറിങ്ങ് പണിക്ക് 10 ലക്ഷം

അജാനൂർ പഞ്ചായത്തിലെ തെക്കെപള്ളം മക്കി റോഡ് സോളിങ്ങ്, ടാറിങ്ങ് പ്രവർത്തികൾക്ക് ജീല്ലാകളക്ടർ 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. മന്ത്രി ഇ.ചന്ദ്രശേഖരന്റെ എം.എൽ.എ ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചത്.

## യോഗംചേരും

ജില്ലാ ശിശുക്ഷേമ സമിതി വാർഷികയോഗം സെപ്തംബർ 22 ന് രാവിലെ 10.30 ന് ജില്ലാകളക്ടറുടെ ചേമ്പറിൽ ചേരും.

## ദാക് അദാലത്ത് 27 ന്

കാസറകോട് ഡിവിഷൻ തപാൽ പരിധിയിൽ പെട്ടവർക്കായി തപാൽ വകുപ്പിന്റെ ദാക് അദാലത്ത് സെപ്തംബർ 27 ന് വൈകുന്നേരം 3 മണിക്ക് കാസറകോട് തപാൽ സൂപ്രണ്ട് ഓഫീസിൽ നടക്കും.  മണിയോഡർ, സ്പീഡ് പോസ്റ്റ്, പാർസൽ, സേവിങ്ങ്സ് തുടങ്ങിയ തപാലുമായി ബന്ധപ്പെട്ട് പൊതുജനത്തിന്റെ പരാ

തികൾ സെപ്തംബർ 25 നകം പോസ്റ്റൽ സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിൽ ദാക് അദാലത്ത് എന്നു ചേർത്തിരിക്കണം.

## നിർഭയ ഷെൽട്ടർ ഹോമിൽ ജീവനക്കാരെ ആവശ്യമുണ്ട്

കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ജില്ലയിൽ കാലിച്ചാനടുക്കത്ത് പ്രവർത്തിച്ചു വരുന്ന നിർഭയ ഷെൽട്ടർ ഹോമിൽ ഒഴിവുള്ള വാർഡൻ, ക്ലീനിക്കൽ സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ എന്നീ വിഭാഗം ജീവന ക്കാരുടെ ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും .ഈ മാസം 25 ന് രാവിലെ 10.30 ന് കാസറഗോഡ് ജില്ലാ പഞ്ചായത്ത് അനക്സ് ഹാളിൽ വെച്ച് വാക്ക് ഇൻ ഇന്റർവ്യു സംഘടിപ്പിക്കുന്നു. സ്ത്രീകൾക്കായി ഒഴിവുകൾ സംവരണം ചെയ്തിട്ടുള്ളതാകുന്നു. തസ്തിക, യോഗ്യത, ശമ്പളം എന്നിവ ചുവടെ ചേർക്കുന്നു.

വാർഡൻ(ഫുൾടൈം റസിഡന്റ്),ബിരുദം(സമാന തസ്തികകളിൽ പ്രവർത്തി പരിചയം),ശമ്പളം.13,000/-,സോഷ്യൽ വർക്കർ(എം.എസ്.ഡബ്ല്യൂ,എം.എ സോഷ്യോളജി,എം.എസ്.സി സൈക്കോളജി),ശബളം.12,000/-, ക്ലീനിക്കൽ സൈക്കോളജിസ്റ്റ്( പാർട്ട് ടൈം).എം.എസ്.സി/എം.എ.സൈക്കോളജി(ഒരു വർഷത്തെ പ്രവർത്തി പരി ചയം)

## ബീഡി,സിനിമ തൊഴിലാളിപെൻഷൻ സ്കീം

ബിഡി-സിനിമ തൊഴിലാളികളുടെ പുതുക്കിയ ഹൗസിംഗ് സ്കീമുമായി ബന്ധ പ്പെട്ട സബ്സിഡിയുടെ അപേക്ഷകൾ സെപ്തംബർ 30 വരെ മാത്രമെ സ്വീകരിക്കയു ള്ളു എന്ന് വെൽഫേർകമ്മീഷണർ അറിയിച്ചു. അപേക്ഷ കൾhousing.shramsuvidha.gov.in എന്ന ഓൺലൈൻ പോർട്ടിലൂടെ മാത്രമെ സ്വീക രിക്കുകയുള്ളൂ. വിശദവിവരങ്ങൾ 04972700995 നമ്പറിൽ ലഭിക്കും. ഇ-മെയിൽ wc kannur.ker@ nic.in

## ഡയറ്റ് യോഗം 27 ന്

ഡയറ്റ് പ്രോഗ്രാം അഡ്വൈസറി കമ്മറ്റിയോഗം സെപ്തംബർ 27 ന് രാവിലെ 10.30 ന് ഡയറ്റ് ഹാളിൽ ചേരും.

## ഡയാലിസിസ് ടെക്നിഷ്യൻ നിയമനം

ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്- ഡയാലിസിസ്സ് യുണിറ്റിലേക്ക് താൽക്കാലിക മായി ദിവസ വേതനാടിസ്ഥാനത്തചന്റ ഡയാലിസിസ്സ് ടെക്നീഷ്യനെ നിയമിക്കുന്നു. ഒരു വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകും. യോഗ്യത- ഡിപ്ലോമ ഇൻ ഡയാലിസിസ്സ് ടെക്നോളജി/ബി.എസ്.സി ഇൻ ഡയാലി സിസ്സ് ടെക്നോളജി/എം.എസ്.സി. ഇൻ ഡയാലിസിസ്സ് ടെക്നോളജി, ഒഴിവ്-3 എണ്ണം, അഭിമുഖം ഈ മാസം 24 ന് ഉച്ചയ്ക്ക് 2 മണിക്ക് സൂപ്രണ്ടിന്റെ ചേമ്പറിൽ നടക്കും.

## ക്ലറിക്കൽ സ്റ്റാഫ് നിയമനം

ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് - ആർ.എസ്.ബി.വൈ. വിഭാഗത്തലേക്ക് ദിവ സവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ഒരു ക്ലറിക്കൽ സ്റ്റാഫിനെ ആവശ്യമു ണ്ട്. അമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരോഗ്യ വകുപ്പിൽ ഓഫീസ് ജോലിയിൽ മുൻപ രിചയമുള്ളവർക്ക് മുൻഗണന നൽകും. യോഗ്യത- ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം.

60 വയസ്സിൽ താഴെ പ്രായം,താല്പര്യമുള്ളവർ ഈ മാസം 24 ന് രാവിലെ 11 മണിക്ക് സൂപ്രണ്ടിന്റെ ചേമ്പറിൽ ഹാജരാകണം.

## കാർഷീക മേഖലയിലെ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീക്ക് ദേശീയ പുരസ്കാരം

കുടുംബശ്രീമിഷൻ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരണ പരിയോജന -എം കെഎസ് പി പദ്ധതിക്ക് 2017 ലെ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയതിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. ഓരോ സി ഡി എസ്സിന്റെ കീഴിലും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന 4 മുതൽ 10 പേർ അടങ്ങുന്ന മഹിളാ കർഷകരുടെ കൂട്ടായ്മയായ ജെ എൽ ജികളിലൂടെയാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഭക്ഷ്യ വിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. കാസറഗോഡ് ജില്ലാമിഷൻ നടപ്പിലാക്കുന്ന തനതു പരിപാടിയായ മഴപ്പൊലിമ തരിശു ഗ്രാമം പദ്ധതിയിലൂടെ യുവതലമുറയെ കാർഷീക മേഖലയിലേക്ക് കൊണ്ടുവരുന്നതിനും 420 ഏക്കറോളം തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനും സാധിച്ചു. മഹിളാകർഷകർക്ക് ആവശ്യമായ വിവിധ പരിശീലനങ്ങൾ എം കെ എസ് പിയുടെ ഭാഗമായി നടത്തി വരുന്നു. 2011 മുതലാണ് എം കെ എസ് പി പദ്ധതി കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്നത്.

മഹിളാ കർഷകർക്ക് ഭക്ഷ്യവിളകൾ പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസെന്റീവും പലിശ സബ്സിഡിയും നൽകുന്നു. സിഡി എസ് തലത്തിൽ മഹിളാ കർഷക സഹായ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. കൃഷിക്ക് ആവശ്യമായ കാർഷീക ഉപകരണങ്ങൾ ഈ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നു. മാസ്റ്റർ കർഷകർ, ജീവ ടീം, ക്ലസ്റ്റർ തല കോർഡിനേറ്റർമാർ തുടങ്ങിയ കാർഷകരുടെ വിവിധ റിസോഴ്സ് ഗ്രൂപ്പുകൾ പദ്ധതി പ്രവർത്തനത്തിൽ പങ്കാളികളാവുന്നു. അന്നം അമൃതം എന്ന പേരിൽ കർഷകരുടെ നെൽകൃഷി സംരംഭവും അജാനൂർ, കാറഡുക്ക, കുമ്പഡാജെ സി ഡി എസ്സുകളിൽ പ്രവർത്തിക്കുന്നു.

ജൈവ കൃഷി, അഗ്രിതെറാപ്പി, ഫാഷൻ ഫ്രൂട്ട് തൈ വിതരണം, പട്ടിക വർഗ്ഗ മേഖലയിലെ ജെ എൽ ജികൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, തുടങ്ങിയ വിവിധ പദ്ധതികൾ 2018 ൽ നടപ്പിലാക്കി വരുന്നു. കാസറഗോഡ് ജില്ലാമിഷന്റെ വിത്ത് ബാങ്കും, മഴപ്പൊലിമയും ഏറെ ജനപ്രിയമായ പദ്ധതികളായിരുന്നു.

ഭക്ഷ്യസുരക്ഷ ഭവനം പദ്ധതിയിലൂടെ 32500 കുടുംബങ്ങൾക്ക് ഭക്ഷ്യസുരക്ഷ പരിശീലനം നൽകി കൃഷി ആരംഭിച്ചു. നാട്ടു ചന്തകളിലൂടെ വിഷമില്ലാത്ത ഭക്ഷ്യോൽപന്നങ്ങൾ വിതരണം ചെയ്യുന്നു.

കർഷക തൊഴിലാളികളായിരുന്ന സ്ത്രീകളെ കാർഷീക സംരംഭമാക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിച്ചിരുന്നു. ജില്ലയിൽ 3490 സംഘകൃഷി ഗ്രൂപ്പിൽ നിന്നായി 21340 കുടുംബശ്രീ അംഗങ്ങൾ കൃഷി ചെയ്യുന്നു.

ഡൽഹയിൽ വിജ്ഞാനഭവനിൽ വച്ച് നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമവികസന മന്ത്രി നരേന്ദ്ര സിങ്ങ് ടോമറിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹരികിഷോർ, പ്രോഗ്രാം ഓഫീസർ ദത്തൻ ബി എസ് എന്നിവർ സംയുക്തമായി പുരസ്കാരം സ്വീകരിച്ചു. ജില്ലാമിഷൻ കോർഡിനേറ്റർ ശ്രീ സുരേന്ദ്രൻ ടി ടി , അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർ ഡി ഹരിദാസ്, ജില്ലാ പ്രോഗ്രാം മാനേജർ സൈജു പത്മനാഭൻ, ബ്ലോക്ക് കോർഡിനേറ്റർമാരായ ശരണ്യ കെ, ശാന്തി പി എൻ, ഷൈജ കെ, രമ്യ ഇ, കവിത കെ പി, രജനി എന്നിവർ കാസറഗോഡ് ജില്ലയിൽ എം കെ എസ് പി പദ്ധതിക്ക് നേതൃത്വം നൽകുന്നു.

## ബാങ്കിംഗ് അവലോകന സമിതി 25 ന്

ജില്ലാതല ബാങ്കിംഗ് അവലോകന സമിതി യോഗം സെപ്തംബർ 25 ന് രാവിലെ 10.30ന് കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ ചേരും.

(അവസാനിച്ചു)